പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 190 30-11-2015 - ൽ മറുപടിയ്ക്ക്

**തങ്കശ്ശേരി തുറമുഖ നവീകരണം**

ചോദ്യം ഉത്തരം

| | | | |
|---|---|---|---|
| | **ശ്രീ.പി.കെ.ഗുരുദാസൻ:** | | **ശ്രീ. കെ. ബാബു**<br>**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | തങ്കശ്ശേരി മത്സ്യ ബന്ധന തുറമുഖത്തിന്റെ നവീകരണത്തിനായി കഴിഞ്ഞ മൂന്ന് വർഷമായി സമർപ്പിച്ചിരുന്ന നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ; | എ) | തങ്കശ്ശേരി മത്സ്യ ബന്ധന തുറമുഖത്തിന്റെ മൂന്നാംഘട്ട വികസനത്തിന്റെ ഭാഗമായി 49 കോടി രൂപയുടെ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി 07-04-14 ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത തുറമുഖത്തിന് കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിന് വേണ്ടി സമർപ്പിച്ച പ്രൊപ്പോസലിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; ഇല്ലെങ്കിൽ അംഗീകാരം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ; | ബി) | പ്രസ്തുത പ്രൊപ്പോസലിന് കേന്ദ്രസർക്കാരിൽ നിന്ന് അംഗീകാരം ലഭ്യമായിട്ടില്ല. 49 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കിയത് 2012 CPWD നിരക്ക് പ്രകാരമായിരുന്നു. കൂടാതെ 75% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസലായിരുന്നു നൽകിയിരുന്നത്. എന്നാൽ കേന്ദ്രസർക്കാർ 75% സഹായപദ്ധതി നിർത്തലാക്കിയതിനാൽ ടി പദ്ധതിയിൽ ഇനി ഭരണാനുമതി ലഭിക്കില്ല. ഇപ്പോൾ 2014 DSR നിലവിൽ വന്നതിനാൽ ആയതുപ്രകാരം ടി പ്രൊപ്പോസൽ പുതുക്കി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| സി) | മത്സ്യബന്ധന തുറമുഖത്തിലെ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് തയ്യാറാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദമായ വിവരങ്ങൾ വ്യക്തമാക്കുമോ; | സി) | തങ്കശ്ശേരി ഹാർബറിനുള്ളിൽ തങ്കശ്ശേരി, വാടി, മൂദാക്കര, ജോനകപ്പുറം എന്നീ മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ള ഖരമാലിന്യം മത്സ്യത്തൊഴിലാളികൾ നിക്ഷേപിച്ചുവരുന്നത് തടയുന്നതിന് വകുപ്പ് തലത്തിൽ നടപടി സ്വീകരിച്ചുവെങ്കിലും മാലിന്യ സംസ്കരണത്തിന് മറ്റ് സംവിധാനം നിലവിൽ ഇല്ലാത്തതിനാൽ മത്സ്യത്തൊഴിലാളികൾ നിലവിൽ ഹാർബറിൽ തന്നെ വേസ്റ്റ് നിക്ഷേപിച്ചുവരുകയാണ്. എന്നാൽ ഇന്പൂർമുഴി |

| | | | |
|---|---|---|---|
| | | | മാതൃകയിലുള്ള 2 എയ്റോബിക് ബിൻ യൂണിറ്റുകൾ, ഹാർബർ റോഡ്,വാടി, തങ്കശ്ശേരി എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ഡി) | പ്രസ്തുത തുറമുഖത്തിൽ ശുദ്ധമായ കുടിവെള്ളം എത്തിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; 2016-17 സാമ്പത്തിക വർഷം തുറമുഖത്തിന്റെ നവീകരണ പദ്ധതി നടപ്പിലാക്കുമോ? | ഡി) | ടി മത്സ്യബന്ധന തുറമുഖത്തിന്റെ മൂന്നാംഘട്ട വികസന പദ്ധതിയിൽ നിലവിലുള്ള ശുദ്ധജല വിതരണ സംവിധാനം വിപുലീകരിക്കുന്നതിനുള്ള പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയ്ക്കുള്ള ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ